കൊണ്ട് പദ്ധതികൾ നടപ്പിലാക്കിവരുന്നു. സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിമൂലം കൂടുതൽ ജീവനക്കാരെ നിയമിക്കാനുള്ള നടപടി തത്കാലം സാധ്യമല്ല.

(ഡി) സീതാലയത്തിന്റെയും സദ്ഗമയയുടെയും സേവനം സംസ്ഥാനമൊട്ടാകെ ലഭിക്കുന്നതിനുള്ള നടപടികൾ ഈ വർഷം മുതൽ സ്വീകരിച്ചിട്ടുണ്ട്. ആയുഷ് ഹോളിസ്റ്റിക് സെന്റർ തുടങ്ങിയ മറ്റ് സ്പെഷ്യൽ ക്ലിനിക്കുകളുടെ സേവനംകൂടി സംസ്ഥാനമൊട്ടാകെ ഘട്ടംഘട്ടമായി ലഭിക്കുന്നരീതിയിൽ വരുംവർഷങ്ങളിൽ പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

ബാലുശ്ശേരി താലൂക്ക് ആശുപത്രി കാരുണ്യ ഫാർമസി

67 (759) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ KMSCL നിർദ്ദേശിച്ച പ്രകാരം ഫാർമസി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടും കാരുണ്യ ഫാർമസി ആരംഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് നടപ്പിലാക്കുന്നതിലെ തടസ്സങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ;

(സി) ഇതുസംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് താലൂക്ക് ആശുപത്രി, KMSCL, ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് അധികാരികളെ പങ്കെടുപ്പിച്ച് യോഗം വിളിക്കുന്നതിന് നിർദ്ദേശിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർക്കാർ അനുവദിച്ച 35 കാരുണ്യ ഫാർമസികളുടെ പട്ടികയിൽ ബാലുശ്ശേരി താലൂക്ക് ആശുപത്രി ഉൾപ്പെട്ടിട്ടില്ല. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ നേരിട്ടുള്ള നിയന്ത്രണത്തിലല്ലാതെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ നിയന്ത്രണത്തിൽ നടത്താനുദ്ദേശിക്കുന്ന കാരുണ്യ ഫാർമസിയുടെ ഫ്രാഞ്ചൈസിക്കുള്ള അനുമതി പരിഗണിക്കുവാൻ കഴിഞ്ഞിട്ടില്ല.

(സി) ബാലുശ്ശേരി താലൂക്ക് ആശുപത്രി, ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിലുള്ളവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള യോഗം വിളിക്കുന്നതിന് നടപടികൾ ജില്ലാ മെഡിക്കൽ ഓഫീസിൽനിന്നും സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly